**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3442** **15-02-2024 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമന അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എയ്ഡഡ് സ്കൂളുകളിൽ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്.ടി., വൊക്കേഷണൽ എച്ച്.എസ്.എസ്.ടി. വിഭാഗങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള എത്ര പേർക്കാണ് നിലവിൽ നിയമന അംഗീകാരം ലഭിക്കാനുള്ളത്; പ്രസ്തുത വിഭാഗങ്ങളിൽ നിയമന അംഗീകാരം ലഭിക്കാൻ ഉള്ളവരുടെ എണ്ണം വിഭാഗം തിരിച്ച് ലഭ്യമാക്കാമോ; | (എ) | എൽ.പി.എസ്.റ്റി- 2935<br>യു.പി.എസ്.റ്റി - 2890<br>എച്ച്.എസ്.റ്റി - 2285<br>എച്ച്.എസ്.എസ്.ടി (സീനിയർ)- 229<br>എച്ച്.എസ്.എസ്.ടി (ജൂനിയർ)- 229<br>വി.എച്ച്.എസ്.എസ്.ടി - 0 |
| (ബി) | സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഇനിമുതൽ അദ്ധ്യാപക നിയമനം നടത്തേണ്ടതില്ല എന്ന് നിർദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകൾ നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പ് രാജ്യത്താകമാനം തൊഴിൽ നൈപുണ്യ പരിശീലനം നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (എൻ.എസ്.ക്യൂ.എഫ്) പാഠ്യപദ്ധതി പ്രകാരം നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് (National Skill Qualification Framework) അധിഷ്ഠിതമായ നൈപുണ്യ കോഴ്സുകൾ നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിക്കുകയും സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി ബാച്ചുകളിലും എൻ.എസ്.ക്യൂ.എഫ് പ്രകാരമുള്ള ജോബ് റോളുകൾ നടപ്പിലാക്കുകയുണ്ടായി. തൊഴിൽ മേഖലകളിൽ ഉണ്ടാകുന്ന കാലികമായ മാറ്റങ്ങൾ, ദേശീയ/അന്തർദ്ദേശീയ തൊഴിൽ സാധ്യതകളുടെ അടിസ്ഥാനത്തിൽ സംജാതമാകുന്ന തൊഴിൽ ലഭ്യത എന്നിവ പരിഗണിക്കുമ്പോൾ തൊഴിൽ നൈപുണ്യ കോഴ്സുകളിൽ നിരന്തരമായ മാറ്റം അനിവാര്യമാണ്. ആയതിനാൽ എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലും NSQF അധിഷ്ഠിത വൊക്കേഷണൽ സിലബസ് നടപ്പാക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായ തസ്തികകൾ സംസ്ഥാനത്തെ സ്കൂളുകളിൽ നിശ്ചയിക്കുന്നതു വരെ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്ക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്കുള്ള നിയമന നടപടികൾ താത്കാലികമായി നിർത്തിവയ്ക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. കേരളത്തിലെ സർക്കാർ/എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ വിവിധ കാരണങ്ങളാൽ (വിരമിക്കൽ, രാജി, മരണം, സ്ഥാനക്കയറ്റം, പിരിച്ചുവിടൽ, അച്ചടക്കനടപടി മുതലായവ) ഉണ്ടാകുന്ന എല്ലാ വൊക്കേഷണൽ ടീച്ചർ ഒഴിവുകളിലേക്കും വ്യവസ്ഥകളോടെ പരമാവധി ഒരു അക്കാദമിക വർഷം ദൈർഘ്യമുള്ള താൽക്കാലിക നിയമനം നടത്താനും സ.ഉ(കൈ)നം.242/2021/ പൊവിവ തീയതി 24.10.2021 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ നിർത്തലാക്കിയാൽ നിലവിലുള്ള അദ്ധ്യാപകരെ ഏതു രീതിയിൽ പുനർവിന്യസിക്കും എന്ന് വ്യക്തമാക്കുമോ; നിലവിൽ നിയമന അംഗീകാരം പ്രതീക്ഷിക്കുന്ന അദ്ധ്യാപകരെ ഇത് ഏത് രീതിയിൽ ബാധിയ്ക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകൾ നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പ് രാജ്യത്താകമാനം തൊഴിൽ നൈപുണ്യ പരിശീലനം നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (എൻ.എസ്.ക്യൂ.എഫ്) പാഠ്യപദ്ധതി പ്രകാരം നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് (National Skill Qualification Framework) അധിഷ്ഠിതമായ നൈപുണ്യ കോഴ്സുകൾ നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിക്കുകയും സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി ബാച്ചുകളിലും എൻ.എസ്.ക്യൂ.എഫ് പ്രകാരമുള്ള ജോബ് റോളുകൾ നടപ്പിലാക്കുകയുണ്ടായി. തൊഴിൽ മേഖലകളിൽ ഉണ്ടാകുന്ന കാലികമായ മാറ്റങ്ങൾ, ദേശീയ/അന്തർദ്ദേശീയ തൊഴിൽ സാധ്യതകളുടെ അടിസ്ഥാനത്തിൽ സംജാതമാകുന്ന തൊഴിൽ ലഭ്യത എന്നിവ പരിഗണിക്കുമ്പോൾ തൊഴിൽ നൈപുണ്യ കോഴ്സുകളിൽ നിരന്തരമായ മാറ്റം അനിവാര്യമാണ്. ആയതിനാൽ എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലും NSQF അധിഷ്ഠിത വൊക്കേഷണൽ സിലബസ് നടപ്പാക്കുന്നതിന്റെ ഭാഗമായി പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായ തസ്തികകൾ സംസ്ഥാനത്തെ സ്കൂളുകളിൽ നിശ്ചയിക്കുന്നതു വരെ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്ക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്കുള്ള നിയമന നടപടികൾ |

| | | | |
|---|---|---|---|
| | | | താത്കാലികമായി നിർത്തിവയ്ക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. കേരളത്തിലെ സർക്കാർ/എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ വിവിധ കാരണങ്ങളാൽ (വിരമിക്കൽ, രാജി, മരണം, സ്ഥാനക്കയറ്റം, പിരിച്ചുവിടൽ, അച്ചടക്കനടപടി മുതലായവ) ഉണ്ടാകുന്ന എല്ലാ വൊക്കേഷണൽ ടീച്ചർ ഒഴിവുകളിലേക്കും വ്യവസ്ഥകളോടെ പരമാവധി ഒരു അക്കാദമിക വർഷം ദൈർഘ്യമുള്ള താൽക്കാലിക നിയമനം നടത്താനും സ.ഉ(കൈ)നം.242/2021/ പൊവിവ തീയതി 24.10.2021 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ഡി) | തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ നിർത്തലാക്കാനുള്ള തീരുമാനത്തിൽ നിന്നും സർക്കാർ പിന്മാറുമോ; വ്യക്തമാക്കുമോ? | (ഡി) | വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകൾ നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പ് രാജ്യത്താകമാനം തൊഴിൽ നൈപുണ്യ പരിശീലനം നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (എൻ.എസ്.ക്യൂ.എഫ്) പാഠ്യപദ്ധതി പ്രകാരം നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് (National Skill Qualification Framework) അധിഷ്ഠിതമായ നൈപുണ്യ കോഴ്സുകൾ നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിക്കുകയും സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി ബാച്ചുകളിലും എൻ.എസ്.ക്യൂ.എഫ് പ്രകാരമുള്ള ജോബ് റോളുകൾ നടപ്പിലാക്കുകയുണ്ടായി. തൊഴിൽ മേഖലകളിൽ ഉണ്ടാകുന്ന കാലികമായ മാറ്റങ്ങൾ, ദേശീയ/അന്തർദ്ദേശീയ തൊഴിൽ സാധ്യതകളുടെ അടിസ്ഥാനത്തിൽ സംജാതമാകുന്ന തൊഴിൽ ലഭ്യത എന്നിവ പരിഗണിക്കുമ്പോൾ തൊഴിൽ നൈപുണ്യ കോഴ്സുകളിൽ നിരന്തരമായ മാറ്റം അനിവാര്യമാണ്. ആയതിനാൽ എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലും NSQF അധിഷ്ഠിത വൊക്കേഷണൽ സിലബസ് നടപ്പാക്കുന്നതിന്റെ ഭാഗമായി പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായ തസ്തികകൾ സംസ്ഥാനത്തെ സ്കൂളുകളിൽ നിശ്ചയിക്കുന്നതു വരെ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്കുള്ള നിയമന നടപടികൾ താത്കാലികമായി നിർത്തിവയ്ക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. കേരളത്തിലെ സർക്കാർ/എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ വിവിധ കാരണങ്ങളാൽ (വിരമിക്കൽ, രാജി, മരണം, സ്ഥാനക്കയറ്റം, പിരിച്ചുവിടൽ, അച്ചടക്കനടപടി മുതലായവ) ഉണ്ടാകുന്ന എല്ലാ വൊക്കേഷണൽ ടീച്ചർ |

| | | | |
|---|---|---|---|
| | | | ഒഴിവുകളിലേക്കും വ്യവസ്ഥകളോടെ പരമാവധി ഒരു അക്കാദമിക വർഷം ദൈർഘ്യമുള്ള താൽക്കാലിക നിയമനം നടത്താനും സ.ഉ(കൈ)നം.242/2021/ പൊവിവ തീയതി 24.10.2021 പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ